# നൃപ, നീ നിഷാദനോ?

**കെ.ജി. പൗലോസ്**

ചരിത്രത്തിലെ വസ്തുതകളെ മാറ്റാൻ മനുഷ്യർക്കാവില്ല. അത് അങ്ങനെയല്ലായിരുന്നെങ്കിൽ എന്ന ചിന്തയ്ക്ക് പ്രസക്തിയില്ല. ക്ലിയോപാട്രയുടെ മൂക്കിന്റെ നീളം നമുക്ക് മാറ്റാവതല്ല. ചുണ്ടിൽ രാമമന്ത്രവുമായി പ്രാർത്ഥനാലയത്തിലേക്ക് നീങ്ങിയവന്റെ മാറിൽ നിറയൊഴിക്കാതിരുന്നെങ്കിൽ എന്നു വിചാരിച്ചിട്ട് കാര്യമില്ല. ഇതിഹാസങ്ങളുടെ കാര്യവുമങ്ങനെ തന്നെയാണ്. മത്സ്യഗന്ധിയിൽ ഒരു മഹാമുനി ഭ്രമിക്കാതിരുന്നെങ്കിൽ, ദുരമൂത്ത മുക്കുവൻ അതിനെ മുതലാക്കാൻ തന്റെ പുത്രിയുടെ മകന് കിരീടാവകാശം വേണം എന്നൊരു വ്യവസ്ഥ വെയ്ക്കാതിരുന്നെങ്കിൽ ഭാരതത്തിന്റെ കഥ മറ്റൊന്നായനെ. ഇവയിലൊക്കെ ഒരുതരം അനിവാര്യത അന്തർഭവിച്ചിരിക്കുന്നു എന്നേ നമുക്കിപ്പോൾ പറയാനാവൂ. അത്തരത്തിൽ ഇതിഹാസത്തിന്റെ ഗതിമാറ്റിയ ഒരനിവാര്യതയായിരുന്നു പാണ്ഡുവിൽ പതിച്ച ശാപം. അതില്ലായിരുന്നെങ്കിൽ ഇതിഹാസകഥ മറ്റൊന്നായേനെ. മൃഗയ എന്ന മനോഹരമായ ലഘുകാവ്യത്തിൽ ഒ.എൻ.വി. വിവരിക്കുന്നത് ഈ ശാപത്തിന്റെ അനന്തരകഥയാണ്.

മൃഗയ നായാട്ടാണ്. മൃഗാൻ യാതി – മൃഗങ്ങളുടെ പിന്നാലെ പായുന്നു എന്ന് അവയവാർത്ഥം. പിന്നാലെ പോകുക മാത്രമല്ല, ഇരയെ ഇല്ലാതാക്കിയതുമാണ്. സഭാപർവ്വത്തിൽ വ്യാസൻ പറയുന്ന നായാട്ടുകഥ. കിന്ദമൻ എന്നൊരു മഹാമുനി പത്നിയോടൊപ്പം വനത്തിൽ വിഹരിക്കുകയായിരുന്നു. വനഭംഗികളിൽ മനംകുളിർത്ത അവർ മൃഗരൂപം സ്വീകരിച്ച് രതിലീലകളിൽ മുഴുകി രസിച്ചു. ഇഷ്ടമുള്ള രൂപം കൈക്കൊള്ളാൻ കഴിയുന്ന കാമരൂപരാണല്ലോ മുനിമാർ. മാനും മാൻപേടയുമായി മാറി ഇവരിങ്ങനെ ക്രീഡാലോലുപരായിരിക്കേ പെട്ടെന്ന് ഒരു കൂരമ്പ് അവരിൽ തറച്ചു. നായാട്ടിന് വനത്തിലെത്തിയ പാണ്ഡുമഹാരാവായിരുന്നു അമ്പെയ്തത്. മരണപ്പിടച്ചിലിനിടെ മഹർഷി രാജാവിനെ ശപിച്ചു – 'കാമമോഹിതനായി വധുവിനെ പ്രാപിക്കുന്ന നിനക്കും ക്ഷണമൃത്യു വരട്ടെ'. കഠിനമായ ശാപവും അതിന്റെ പരിണതഫലങ്ങളുമാണ് ഈ കാവ്യത്തിന്റെ ഉള്ളടക്കം.

നാല് പാത്രങ്ങളാണ് കഥയിലുള്ളത് – കിന്ദമഹർഷി, പാണ്ഡുമഹാരാജാവ്, പത്നിമാരായ മാദ്രി, കുന്തി. അഞ്ച് ഖണ്ഡങ്ങളുള്ള ആത്മഭാഷണങ്ങളായാണ് കവിതയുടെ ബാഹ്യഘടന. ഒന്ന് മുനിയുടെ, രണ്ടെണ്ണം പാണ്ഡുവിന്റെ, പിന്നെ ഓരോന്ന് പത്നിമാരുടെ. ആദ്യഖണ്ഡം അപ്രതീക്ഷിതമായ അമ്പേറ്റ മുനിയുടേതാണ്. 'എന്തിന് കൊന്നൂ പാവമീ മൃഗത്തെ നീ?' എന്നാണ് മുനിയുടെ ആദ്യത്തെ പ്രതികരണം. സുന്ദരമായ ആരണ്യത്തിന്റെ ഏകാന്തതയിലലിഞ്ഞ് ഇണചേർന്നൊരു ഹരിണത്തെ കൊന്നതെന്തിന്? മൃഗമല്ല ഞാൻ. സസ്യങ്ങൾക്കും ജന്തുക്കൾക്കും വീടാണീ കാട്. മാനവപ്രകൃതിയുടെ ക്രൂരത കാടിന്റെ സംഗീതത്തിൽ സ്വരഭംഗമുയർത്തുന്നു. ശരമെയ്യുന്നതും ശരവേഗത്തിൽ ജന്തുവിനെ പിന്തുടരുന്നതും നിങ്ങൾക്ക് രസം. ദീനമായ് പായുന്ന മൃഗത്തിന്റെ വിവശതയേറും തോറും മഹാരസം. പാപത്തിന്നനിവാര്യഫലം നീ അനുഭവിച്ചേ തീരൂ. കാമമോഹിതനായി കാന്തയെ പ്രാപിക്കുമെങ്കിൽ ആ മുഹൂർത്തത്തിലാകട്ടെ നിന്നുടെ ദുർമൃത്യുവും.'

അടുത്ത രണ്ടു ഖണ്ഡങ്ങൾ പാണ്ഡുവിന്റെ ആത്മരോദനങ്ങളാണ്. തന്റെ തെറ്റിൽ പശ്ചാത്താപമുണ്ട് പാണ്ഡുവിന്. എന്തിന് കൊന്നൂ എന്ന ചോദ്യം കാതിൽ മുഴങ്ങുന്നു. മാൻപേടയുടെ പാതികൂമ്പിയ നേത്രങ്ങൾ മുന്നിൽ വിടരുന്നു. ആ കണ്ണുകൾ മാദ്രിയുടേതാണ്, പൃഥയുടേതും. എല്ലാം ത്യജിച്ച് വനാന്തരങ്ങളിൽ തപശ്ചര്യയിൽ ശിഷ്ടകാലം കഴിച്ചുകൂട്ടാം. ഭിക്ഷയെടുത്തു നിത്യവൃത്തി കഴിക്കാം. ഇങ്ങനെ സന്ന്യസ്തനാകാൻ പുറപ്പെടുമ്പോഴാണ് പത്നിമാരുടെ പ്രാർത്ഥന. ഞങ്ങളും കൂടെപ്പോരും. ത്യക്തകാമകളായി വാനപ്രസ്ഥത്തിൽ ഞങ്ങളും പങ്കുചേരാം. രാജചിഹ്നങ്ങൾ അഴിച്ച് പത്നിമാരൊത്ത് വനവാസം ചെയ്യുന്നതാണ് ആദ്യഖണ്ഡത്തിൽ മഹാരാജാവ് ഓർക്കുന്നത് വനവാസകാലത്തെ അനുഭവങ്ങളാണ് അടുത്ത ഖണ്ഡത്തിൽ. വിരക്തിയുടെ ശുഷ്കരുദ്രാക്ഷം മാറിൽ; ഉള്ളിൽ, പക്ഷേ, കത്തുന്ന രതിയുടെ കനൽ. ഒരിക്കൽ വസന്തർത്തു വനശ്രീയെ പുൽകുമ്പോൾ ശാപപാപഭീതികൾ വെടിഞ്ഞ് പാണ്ഡു തന്റെ ദ്രുതസ്പന്ദിതവക്ഷസ്സിലേക്ക്, പ്രാണനിലേക്ക് മാദ്രിയെ ചേർക്കുന്നു, ഈയുടൽ പുൽകിക്കൊണ്ടിക്ഷണം മരിക്കുകിൽ മരണം മോക്ഷമെന്ന് നിനച്ചുകൊണ്ട്. ഭർതൃമരണത്തിന് കാരണക്കാരിയായി മാറിയ മാദ്രിയുടെ വിലാപമാണ് ചെറുതായ നാലാം ഖണ്ഡം. മാദ്രിക്കൊന്നേ പറയാനുള്ളൂ – ഞാനദ്ദേഹത്തെ പ്രലോഭിപ്പിച്ചതല്ല, കൈകൂപ്പി ഞാനൊഴിഞ്ഞതാണ്, പക്ഷേ ആ ബലിഷ്ഠമായ കരങ്ങളിൽ ഞാനമർന്നുപോയി. ക്രൂരമായ വേട്ടയിൽ വിധി എന്ന് ആയുധമാക്കുകയായിരുന്നു. മൃത്യു ജയിക്കട്ടെ. ഈ അഗ്നിയിൽ കത്തി ഞാനും ഭസ്മമാവട്ടെ.

അഞ്ചുമക്കൾക്കമ്മയായി രംഗത്തവശേഷിക്കുന്നത് കുന്തി മാത്രം. ആ സപത്നിയുടെ ചിന്തകളാണ് അന്ത്യഖണ്ഡത്തിൽ കവി വിവരിക്കുന്നത്. വേട്ടനായ്ക്കൾ നിറഞ്ഞ, ദാവാഗ്നിയുരുകുന്ന കാട്ടിൽ കൂടി അഞ്ച് മാൻകിടാങ്ങളോടൊപ്പം, മാൻപേടയായി അവൾ നീങ്ങുന്നു, നായ്ക്കളുടെ കുര ദൂരെ കേൾക്കുന്നു. മാദ്രിയോടവൾക്കസൂയയുണ്ട്, അന്ത്യമാത്രയിൽ പ്രിയന്ന് ആത്മഹർഷം നൽകാൻ അവൾക്ക് കഴിഞ്ഞല്ലോ!

പ്രത്യക്ഷത്തിൽ നിഷ്കളങ്കങ്ങളാണ് ഈ സ്വാഗതാഖ്യാനങ്ങൾ. തന്റെ പാത്രങ്ങളുടെ ആർദ്രമനസ്സുകളെ വെളിപ്പെടുത്താൻ കവി ആവുന്നത്ര ശ്രദ്ധിച്ചിട്ടുണ്ട്. അവരുടെ ദൗർബല്യങ്ങൾ വരുത്തിവെച്ച വിനകളെ ഉദാത്തമാക്കാൻ ശ്രമിച്ചിട്ടില്ലെന്നുമില്ല. പാണ്ഡുവിനെ ബലിമൃഗമാക്കി ഉയർത്തിയിരിക്കുന്നു. അതും യജ്ഞവേദിയിലേക്ക് താനേ എത്തുന്ന ബലിമൃഗം. സാധാരണ ബലിമൃഗങ്ങളെ ബലമായി പിടിച്ച് യൂപത്തിൽ കെട്ടിയിടുകയാണല്ലോ പതിവ്. എന്നാൽ പാണ്ഡുവിന്റെ ചിന്തയിങ്ങനെ: 'ഇതെൻ മൃതിയല്ല, ഇതെൻ മോക്ഷം!' യജ്ഞത്തിന്റെ രൂപകത്തെ ഒന്നുകൂടി വികസിപ്പിക്കുന്നുണ്ട് മാദ്രി. തന്റെ അനുമരണത്തെ അഗ്നിജ്വാലയിൽ കത്തിയമരുന്ന അരണിയോടവൾ ഉപമിക്കുന്നു. അരണിയുടെ മറ്റേത്തണ്ട് പാണ്ഡുവാണെന്ന് സ്പഷ്ടം.

അരണികടഞ്ഞുണ്ടാ-<br>
മഗ്നിജ്വാലയിലിന്നീ-<br>
യരണിത്തണ്ടും കത്തി<br>
ഭസ്മമാവട്ടേ ദേവീ

മാദ്രിയുടെ മരണത്തിന് ശ്രേഷ്ഠതയേറും; സംശയമില്ല. കുന്തി കുറ്റപ്പെടുത്താൻ ശ്രമിക്കുന്നതുപോലെ അവളൊരിക്കലും പാണ്ഡുവിനെ പ്രലോഭിപ്പിച്ചിട്ടില്ല. ഒരു പക്ഷേ, ശാപനിവൃത്തിക്ക് അവളൊരു ആയുധമായതാവാം. എന്നാൽ അത്രപോലും കളങ്കമാരോപിക്കാൻ പറ്റില്ല, മുനിയുടെ മാൻപേടയിൽ. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഈ കവിതയിലുടനീളം മുഴങ്ങുന്ന ഒരു ചോദ്യമുണ്ട് – 'കൊന്നതെന്തിന് നീ?' ആദ്യമതുയർത്തുന്നത് കിന്ദമനാണ്. ആശ്ചര്യമെന്ന് പറയട്ടെ കുന്തിയും മാദ്രിയോട് ഇത് തന്നെ ചോദിക്കുന്നു – കൊന്നതെന്തിന് നീ?

ഈ ചോദ്യം ആദ്യമുയർത്തിയത് ആദികവി തന്നെയാണ്. ഒ.എൻ.വി.യുടെ കിന്ദമമുനിയും ഇതാവർത്തിക്കുന്നു – 'നൃപ, നീ നിഷാദനോ?' ജീവിതവൃത്തിയാണിത് നിഷാദന്. അതുകൊണ്ട് കടുത്ത ശിക്ഷ നിഷാദൻ അർഹിക്കുന്നില്ല എന്ന് വേണമെങ്കിൽ വാദിക്കാം. യജ്ഞമൃഗത്തെ കൊല്ലുന്നതിനെ ന്യായീകരിക്കാൻ ഇത്തരമൊരു വാദമുയർത്തിയിരുന്നു പഴയകാലത്ത് യാജ്ഞികർ. ജന്തുഹിംസയുള്ളതുകൊണ്ട് യാഗകർമ്മങ്ങൾ നിന്ദ്യമാണെന്ന് ബൗദ്ധർ വാദിച്ചപ്പോൾ അതിന് മറുപടിയായി വൈദികർ പറഞ്ഞത് 'യാഗത്തിലെ ഹിംസ ഹിംസയല്ല, അതുകൊണ്ട് നിന്ദ്യവുമല്ല' എന്നായിരുന്നു. വാല്മീകി ഏതായാലും അങ്ങനെ കരുതിയില്ല, ഇണകളിലൊന്ന് പിടഞ്ഞുവീഴുന്നത് കണ്ടപ്പോൾ ആ ഇണയോട് മുനിക്ക് കാരുണ്യം തോന്നി. കാരുണ്യം വേട്ടക്കാരന് നേരെ രോഷമായി പരിണമിച്ചു. അമ്പെയ്യുന്നതിന്റെ മറ്റൊരവസരമുള്ളത് ശാകുന്തളത്തിലാണ്. ശാന്തമായ ആശ്രമത്തിലേക്ക് മദയാനപോലെ കടന്നുകയറിയ ദുഷ്യന്തന്റെ ശരത്തിനും ലക്ഷ്യം ഒരു മാനായിരുന്നു. ജീവൻ രക്ഷിക്കാനുള്ള പാവത്തിന്റെ ഓട്ടത്തിനിടയിൽ, കടന്നുവന്ന ഋഷിമാർ അമ്പിനെ തടുത്തു – 'ആശ്രമമൃഗമാണ് കൊല്ലരുത്, കൊല്ലരുത്'. ആ മുനികുമാരന്മാർ കൊടിയപാപത്തീയിൽ നിന്ന് ദുഷ്യന്തനെ രക്ഷിച്ചു.

പുത്രശോകവുമായി ബന്ധപ്പെടുത്താവുന്ന മറ്റൊരമ്പ് ദശരഥൻ അയച്ചതാണ്. നായാട്ടിനിടയിൽ ആനയെന്ന് തെറ്റിദ്ധരിച്ചാണ് ശബ്ദവേധിയായ ശരം രാജാവയച്ചത്. മൃതിപ്പെട്ടതാവട്ടെ മുനികുമാരനും. പുത്രദുഃഖം മൂലം വിവശനായ വൃദ്ധതാപസനാണ് പുത്രദുഃഖം മൂലം മൃതിപ്പെടുമെന്ന് ദശരഥനെ ശപിച്ചത്. ദശരഥന്റെ അന്ത്യം അത്യന്തം ദാരുണമാകാൻ കാരണം ആ ശാപമായിരുന്നു. അവിടെ ദശരഥന് ഒരു വിശദീകരണമുണ്ടായിരുന്നു – 'മുനികുമാരനാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ അമ്പയയ്ക്കുകയില്ലായിരുന്നു. ഈ വാദം തന്നെയാണ് പാണ്ഡുവും ഉന്നയിക്കുന്നത്. 'മുനിയാണ് മൃഗരൂപത്തിലെന്ന് അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ അമ്പയയ്ക്കുകയില്ലായിരുന്നു.'

എന്തു ചൊൽവു നീ? ശത്രു-<br>
സംഹാരം പോലെ ധർമ്മം<br>
ജന്തുഹിംസയും നൃപ-<br>
ന്മാർക്കെന്നോ മഹാമതേ?

ഇവിടെയാണ് ഹിംസയുടെ ധാർമ്മികതയിലേക്ക് നാം കടക്കുന്നത്. മൃഗമാണെന്ന് തെറ്റിദ്ധരിച്ചാണ് ശരമയച്ചത്, മുനിയാണെന്നറിഞ്ഞെങ്കിൽ അത് ചെയ്യില്ലായിരുന്നു. ദശരഥനും പാണ്ഡുവും പറയുന്നതിതാണ്. ഇവർ രണ്ടിതിഹാസങ്ങളിലെ പാത്രങ്ങളാണെന്നോർക്കണം. ഈ മറുപടിയുടെ അർത്ഥം മൃഗമാണെങ്കിൽ കൊല്ലാൻ ഞങ്ങൾക്ക് അധികാരമുണ്ടെന്നാണ്. ശത്രുനിഗ്രഹം പോലെയാണ് ക്ഷത്രിയർക്ക് ജന്തുനിഗ്രഹവും. അത് ഞങ്ങളുടെ അവകാശമാണ്. ആരാണ് ഈ അധികാരം നൽകിയത്? ധർമ്മശാസ്ത്രമനുസരിച്ച് രാജാക്കന്മാർ തീർത്തും ത്യജിക്കേണ്ടുന്ന സപ്തവ്യസനങ്ങളുണ്ട്. അതിൽ ആദ്യത്തേതാണ് മൃഗയ. മറ്റ് വ്യസനങ്ങൾ ഇവയാണ് - ചൂത്, സ്ത്രീസേവ, മദ്യപാനം, വാക്പാരുഷ്യം, അർത്ഥദൂഷ്യം. ഇവ ഏഴും വർജ്ജ്യങ്ങളാണ്. ധർമ്മപുത്രരും നളനും ചൂതുകളിയുടെ രക്തസാക്ഷികളാണ്; അഗ്നിവർണ്ണൻ അമിതമായ സ്ത്രീസേവയുടെ. മദ്യത്തിന്റെ മാദകത പറയാനില്ല; സൗമ്യമായിരിക്കണം വാക്ക്, പരുഷത പാടില്ല; ധൂർത്താണ് അർത്ഥത്തിന്റെ പാരുഷ്യം. സൂക്ഷിച്ച് അത്യാവശ്യത്തിന് മാത്രം മിതമായേ ധനവ്യയമാകാവൂ. ഇവയിലേറ്റവും ക്രൂരമായത് മൃഗയ ആണ്. മറ്റു വ്യസനങ്ങൾ ആത്മനാശമാണ് വരുത്തുന്നത്. മൃഗയ പരനാശമാണുണ്ടാക്കുന്നത്. അപ്പോൾ, മൃഗമാണെങ്കിൽ വധിക്കാൻ രാജാവിന് അധികാരം നൽകിയതാര്?

ഇവിടെ ധർമ്മത്തിന്റെ മുഖംമൂടിയിട്ട് നൃപർ അധർമ്മം പ്രയോഗിക്കുന്നു.

ശത്രുതയില്ലാത്തോരെ
ലീലയാ കൊല്ലുന്നത്
ശത്രുഹിംസയോ ക്ഷത്ര-
ധർമ്മമോ പറയൂ നീ

മൃഗയ വിനോദമാണ്. കൊല്ലുന്നത് രസം, ഇരയുടെ വെപ്രാളങ്ങൾ കാണുന്നത് അതിലും രസം. ഇതുകൊണ്ടാണ് ഇത് വ്യസനമാണെന്നും ത്യാജ്യമാണെന്നും ശാസ്ത്രം വിധിച്ചത്.

മറ്റൊരു മുഖം കൂടിയുണ്ട് ഹിംസയ്ക്ക്. അതുനമ്മെ കാണിച്ചുതരുന്നത് ഭാസനാണ്. അഭിഷേക നാടകത്തിലെ ആദ്യത്തെ അങ്കമാണ് ബാലിവധം. ബാലിയെ മറഞ്ഞുനിന്ന് ഒളിയമ്പെയ്താണ് ശ്രീരാമൻ വധിക്കുന്നത്. അമ്പേറ്റ് വീണ ബാലി നെഞ്ചിൽ നിന്ന് ശരമുയർത്തി നോക്കിയപ്പോൾ ശ്രീരാമന്റെ പേര് കൊത്തിയിരിക്കുന്നത് കണ്ട് മരണവേദനയിൽ പോലും നടുങ്ങിപ്പോയി. ശ്രീരാമനുമായി തനിക്കൊരു ശത്രുതയുമില്ല. അപ്പോൾ അദ്ദേഹം തന്റെ നേർക്കമ്പെയ്യുന്നതെന്തിന്, അതും മറഞ്ഞുനിന്ന്.

ഈ അന്ത്യരംഗത്തിൽ ബാലിയും ശ്രീരാമനും തമ്മിൽ ദീർഘമായൊരു സംവാദം നടക്കുന്നുണ്ട് ഇതിന്റെ ധാർമ്മികതയെപ്പറ്റി. യഥാർത്ഥത്തിൽ ഹിംസയുടെ ധാർമ്മികത ഭാസമഹാകവി ചർച്ചയ്ക്ക് വിഷയമാക്കുകയാണവിടെ. നാടകകൃത്തിന് പാത്രങ്ങളിലൂടെയല്ലേ സംവദിക്കാൻ കഴിയൂ. ശ്രീരാമന്റെ വാദം, ധർമ്മം രക്ഷിക്കാൻ വേണ്ടി താൻ ബാലിയെ വധിച്ചു എന്നാണ്. ബാലി സഹോദരന്റെ പത്നിയെ സ്വന്തം പത്നിയായി സ്വീകരിച്ചു. ഇതുപക്ഷേ സുഗ്രീവനും ബാധകമാണ്. അപ്പോൾ അദ്ദേഹത്തെയും വധിക്കണം. മാത്രവുമല്ല, കാട്ടിലെ കാര്യങ്ങൾ നാട്ടിലെ നിയമംവെച്ച് അളക്കാൻ പറ്റുകയില്ല. ഇവിടുത്തെ വിഷയം ധാർമ്മികമല്ല, രാഷ്ട്രീയമാണ്. സീതാന്വേഷണത്തിന് സുഗ്രീവന്റെ സഹായം തനിക്ക് വേണം, അതിന് രാജാവാകാനുള്ള അദ്ദേഹത്തിന്റെ ദുർമ്മോഹം സാധിച്ചുകൊടുക്കണം. അതിനുവേണ്ടിയായിരുന്നു ഈ അരുംകൊല. ഇത് ബാലിയോട് തുറന്നുപറയാനുള്ള ആർജ്ജവം ശ്രീരാമൻ കാണിക്കുന്നില്ല. 'സീതാന്വേഷണം ആണ് വിഷയമെങ്കിൽ അത് സുഗ്രീവനേക്കാൾ നന്നായി ഞാൻ ചെയ്തുതരുമായിരുന്നല്ലോ' എന്ന് ബാലി പറയുമായിരുന്നു എന്ന്, ഒരു പക്ഷേ, ശ്രീരാമൻ ഭയപ്പെടുന്നുണ്ടാകാം, ഇതാണ് ഹിംസയുടെ രാഷ്ട്രീയം. വിനോദത്തിനോ രസത്തിനോ സ്വന്തം കാര്യം നേടാൻ വേണ്ടിയോ ദുർബലരെ വധിക്കുക; എന്നിട്ട് അതിനൊക്കെ ധാർമ്മികതയുടെ മുഖംമൂടി നൽകുക.

മറ്റൊരു വശം കൂടിയുണ്ട് പാണ്ഡുവിന് ലഭിച്ച ശാപത്തിന്. പുരാണങ്ങളിൽ ഏത് ശാപത്തിനും ശാപമോക്ഷമുണ്ട്. ദുർവ്വാസാവിന്റെ ശാപത്തിന് പോലുമുണ്ട് മോക്ഷം. എന്നാൽ പുത്രശാപങ്ങൾക്ക് മോക്ഷമില്ല. ദശരഥനും മോക്ഷമില്ല, പാണ്ഡുവിനുമില്ല ശാപമോക്ഷം. മാത്രവുമല്ല, പാണ്ഡുവിന്റെ ശാപത്തിന് ക്രൂരമുഖങ്ങൾ അനവധിയാണ്. പാണ്ഡു രാജാവാണ്, പ്രജാതന്തു മുറിയരുത്. എന്നാലേ വംശം നിലനിൽക്കൂ. ചെറുപ്പത്തിലെ ലഭിച്ച ശാപംമൂലം രണ്ടു ഭാര്യമാരിലും പുത്രനുണ്ടാകുവാനുള്ള സൗഭാഗ്യം തനിക്ക് നഷ്ടപ്പെട്ടു. നിയോഗമാണ് പരിഹാരമാർഗ്ഗം. പാണ്ഡുവും ധൃതരാഷ്ട്രരും

നിയോഗം മൂലമുണ്ടായവരാണ്. അവിടെ പക്ഷേ, വിധവകളിൽ മാതാവ് പരപുരുഷനെ നിയോഗിക്കുകയാണ്. ഇവിടെ പക്ഷേ, ഭർത്താവ് ജീവിച്ചിരിക്കുന്നു. അദ്ദേഹം തന്നെയാണ് തന്റെ ഭാര്യമാരുടെ അന്തഃപുരത്തിലേയ്ക്ക് അന്യപുരുഷന്മാരെ പറഞ്ഞയയ്ക്കുന്നത്; ഒരിക്കലല്ല, നാലുവട്ടം - യമൻ, വായു, ഇന്ദ്രൻ, അശ്വിനികൾ. ഇതിനെക്കാൾ നിന്ദ്യമായൊരു സ്ഥിതി ഒരു ഭർത്താവിന് സങ്കല്പിക്കാനാകില്ല. മാത്രമല്ല, തന്നെപ്പറ്റി തന്റെ പത്നിമാർ എന്ത് ചിന്തിക്കുമെന്ന ആത്മനിന്ദ പാണ്ഡുവിന്റെ മനസ്സിനെ അനുനിമിഷം നീറ്റിയിരുന്നു. ഇതിലും കഷ്ടമായൊരു കാര്യമുണ്ട്. ഇത്രയെല്ലാം പാടുപെട്ട് പരന്മാരെ നിയോഗിച്ച് ലഭിച്ച പുത്രന്മാരെ പാണ്ഡുപുത്രന്മാരായി സമൂഹം അംഗീകരിച്ചില്ല. രാജസദസ്സിൽ വെച്ച് ദുര്യോധനൻ കുന്തിയോട് ചോദിച്ചതിതാണല്ലോ - 'കുന്തിയുടെ പുത്രന്മാർ പാണ്ഡുവിന്റെ രാജ്യത്തിനവകാശികളാകുന്നതെങ്ങനെ?' അപമാനിതയായി മുഖം കുനിക്കാനേ ആ മാതാവിന് കഴിഞ്ഞുള്ളൂ. പതിനെട്ടക്ഷൗഹിണികളും പാടേ നശിച്ച മഹാദുരന്തമാണ് അതിന് അവസാനം തീർപ്പ് കല്പിച്ചത്. കിന്ദമന്റെ ശാപത്തിന്റെ വ്യാപ്തി ആ മഹാനാശം വരെ ഉണ്ടായിരുന്നു.

പല കവികളും ഇതിഹാസകഥകളെ ആശ്രയിക്കാറുണ്ട്. അവയിൽ അധികവും പുനരാവർത്തനങ്ങളാണ്. ഒ.എൻ.വി. പക്ഷേ, പുനരാഖ്യാനങ്ങൾക്കല്ല, പുനർവ്യാഖ്യാനങ്ങൾക്കാണ് ശ്രമിക്കാറുള്ളത്. മാധവിയുടെ കഥ മഹാഭാരതത്തിൽ പറയുന്നത് ഗാലവനെ മുൻനിർത്തിയാണ്. ഗുരുദക്ഷിണ കൊടുക്കണമെന്ന ഗാലവന്റെ ശാഠ്യമാണ് വിഷയം. ഇത്തരം ശാഠ്യങ്ങൾ ഉപേക്ഷിച്ചില്ലെങ്കിൽ കഷ്ടപ്പെടേണ്ടിവരും എന്ന് ഗാലവന്റെ കഥപറഞ്ഞ് ദുര്യോധനനെ ഉപദേശിക്കുകയാണ് ഇതിഹാസകവി. ഒ.എൻ.വിയുടെ സ്വയംവരത്തിൽ മാധവിയാണ് കേന്ദ്രബിന്ദു. അവളുടെ സഹനത്തിലും നിശ്ചയദാർഢ്യത്തിനും മുൻപിൽ ഹര്യശ്വനും ദിവോദാസനുമുൾപ്പെടെയുള്ള സകല പുരുഷന്മാരും വിളറിവെളുത്തുപോയി. വിണ്ണിന്റെ മാറിൽ സ്വയംവരമാല്യം ചാർത്തുകവഴി അവൾ ലോകത്തെത്തന്നെയാണ് കീഴടക്കിയത്. ഗാലവനിൽ നിന്ന് ശ്രദ്ധ മാധവിയിലേക്ക് തിരിച്ചപ്പോഴുണ്ടായ മാറ്റമതാണ്.

കിന്ദമശാപകഥ കവിത ആക്കിയപ്പോൾ ഒ.എൻ.വി. പുതിയ തലങ്ങളിലേക്ക് നമ്മെ നയിക്കുകയായിരുന്നു. കാടിന്റെ സംഗീതത്തിലേക്ക്, അതിന്റെ അകളങ്കഹൃദയത്തിലേക്ക്. പ്രകൃതിക്ക് മേൽ മനുഷ്യൻ നടത്തുന്ന ക്രൂരതകളിലേക്ക്. എൺപതുകളിൽ (1986-87) എഴുതിയതാണീ കവിത. സൈലന്റ്‌വാലിയും പ്രകൃതിസംരക്ഷണവും മലയാളിയുടെ മനസ്സിൽ നിറങ്ങൾ പകരാൻ തുടങ്ങിയ കാലം.

കാടിതു സസ്യജന്തു-
    പ്രകൃതിയുഗ്മത്തിനു
വീടല്ലോ.....

എന്ന തിരിച്ചറിവും മഹാക്രൂരമാനവപ്രകൃതിയിതിനെ നശിപ്പിക്കരുതെന്ന ബോധവുമാണ് ഇണചേർന്ന ഹരിണങ്ങളിലമ്പയച്ചവനോടുള്ള പ്രഥമപ്രതികരണം.

'ഉജ്ജയിനി'യിലും മറ്റും നാമനുഭവിച്ച അധികാരത്തോടുള്ള അമർഷമാണ് ഈ കവിതയുടെ കേന്ദ്രബിന്ദു. ഒരു സാധുമൃഗത്തിന്റെ മരണപ്പിടച്ചിൽ കണ്ട് രസിക്കുന്ന അധികാരത്തിന്റെ ധാർഷ്ട്യം, ക്രൂരത. ഈ ക്രൂരതയെ നീതിയുടെ കഞ്ചുകമണിയിക്കാനുള്ള ധർമ്മസ്ഥാപനങ്ങളുടെ വ്യഗ്രത. ഇതിന്റെ നേരെയാണ് കവി കൈചൂണ്ടുന്നത്.

'എന്തിന് കൊന്നൂ പാവ-
    മീ മൃഗത്തെ നീ'

ശ്രീബുദ്ധൻ പണ്ടുയർത്തിയ ചോദ്യമാണിത്. യജ്ഞമൃഗത്തിന് പകരം ധാന്യം കൊണ്ടുണ്ടാക്കിയ മൃഗരൂപങ്ങളെ ഹോമിച്ചാൽ മതിയെന്ന് അന്നൊരു ഒത്തുതീർപ്പുണ്ടാക്കി. ഋഷികളിലൊരു വിഭാഗം പറഞ്ഞു - 'വിത്തിനും ജീവനുണ്ട്'. ഒടുവിൽ ഒത്തുതീർപ്പാക്കി - 'മൂന്നുംവർഷം കഴിഞ്ഞ, പ്രജനനശേഷി നശിച്ച വിത്തുകൾ മതി ഹോമത്തിലെ രൂപനിർമ്മാണത്തിന്'. അത്തരം ഒത്തുതീർപ്പുകൾ പോലും അപ്രസക്തമായ വർത്തമാനകാലത്ത് വീണ്ടും പഴയ ചോദ്യം ഉയർത്താതെ വയ്യ - 'എന്തിന് കൊന്നൂ?'

അഞ്ച് ഖണ്ഡങ്ങളിലായി കഥ വിവരിക്കുന്ന കവി, തന്റെ വാക്കുകളുടെ ദിഗന്തധ്വനികളെ ഒളിച്ചുവെയ്ക്കുന്നു; കാടിന്റെ സംഗീതം പോലെ മധുരമാണ് കവിയുടെ മൗനവും.

ഡോ. കെ.ജി. പൗലോസ്, മനുസ്മൃതി, തൃപ്പൂണിത്തുറ 682 301. ഫോൺ : 9846041205